15243
2/9/19

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

പാ.കാ.വ–എ 1/91/2019–പാ.കാ.വ

പാർലമെന്ററികാര്യ (എ) വകുപ്പ്

തിരുവനന്തപുരം

തീയതി : 16/03/2019

## സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് – നിയമസഭാ ചോദ്യങ്ങളുടെ മറുപടി യഥാസമയം ലഭ്യമാക്കുന്നത് – സംബന്ധിച്ച്

സൂചന : 1. 19/05/2017–ലെ പാ.കാ.വ–ബി2/306/2016/പാ.കാ.വ നമ്പർ സർക്കുലർ
2. നിയമസഭാ സെക്രട്ടറിയുടെ 12/02/2019–ലെ 710/ചോദ്യംബി2/2019/നി.സെ നമ്പർ കത്ത്

------

നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കുന്നില്ലെന്ന് കാണിച്ചുകൊണ്ട് ബഹു. പ്രതിപക്ഷ നേതാവ് ബഹു. സ്പീക്കർക്ക് 04/02/2019–ൽ നൽകിയ കത്തിൽ 13–ാം സമ്മേളനത്തിൽ ചോദിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 67 എണ്ണത്തിന് ഇനിയും മറുപടി നൽകിയിട്ടില്ലെന്നും ടി സമ്മേളനകാലത്തിലെ 28/11/2018–ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9, 11, 42 എന്നിവയുടെ വിശദാംശം സെക്രട്ടേറിയറ്റിലെ വകുപ്പുകളിൽ നിന്നും ശേഖരിക്കാവുന്നതായിട്ട് പോലും മറുപടി നൽകിയിട്ടില്ലെന്നും 14–ാം സമ്മേളനകാലത്ത് 28/01/2019–ൽ ബഹു. മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യങ്ങളിൽ 88 എണ്ണത്തിന് എട്ട് ദിവസം കഴിഞ്ഞിട്ടും മറുപടി ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

13–ാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ഉത്തരം നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത 67 ചോദ്യങ്ങളിൽ, 50 ചോദ്യങ്ങൾക്കും 14–ാം സമ്മേളനത്തിൽ 28/01/2019–ന് ബഹു. മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന 88 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ, 77 ചോദ്യങ്ങൾക്കും ഇനിയും മറുപടി നൽകുവാൻ ബാക്കിയുള്ളതായി നിയമസഭാ സെക്രട്ടറിയും അറിയിച്ചിരിക്കുന്നു.

നിയമസഭാ ചോദ്യങ്ങൾക്ക് ചട്ടം 47(1) പ്രകാരം മന്ത്രിമാർ കൃത്യസമയത്ത് മറുപടി ലഭ്യമാക്കാത്തതിനാൽ ഇത് സംബന്ധിച്ച് ബഹു. സ്പീക്കർ റൂളിംഗ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിനെ അടിസ്ഥാനമാക്കി സർക്കാർ 19/05/2017–ൽ പാ.കാ.വ–ബി2/306/2016–പാ.കാ.വ നമ്പരായി ഒരു സർക്കുലർ പുറപ്പെടുവിച്ച് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ഉത്തരം നൽകേണ്ടിയിരുന്ന 50 ചോദ്യങ്ങൾക്കും 14–ാം സമ്മേളനത്തിലെ 28/01/2019–ന് ബഹു. മുഖ്യമന്ത്രി ഉത്തരം നൽകേണ്ടിയിരുന്ന 77 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്കും ഇനിയും മറുപടി നൽകിയിട്ടില്ലാത്തത് ഗൗരവത്തോടെ കണ്ട് ഇനിയും മറുപടി നൽകിയിട്ടില്ലാത്ത വകുപ്പുകൾ അടിയന്തരമായി മറുപടി ലഭ്യമാക്കുവാൻ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുന്നു. യഥാസമയം മറുപടി ലഭിക്കുന്നില്ല എന്ന തരത്തിലുള്ള ഒരു പരാതിക്കോ അതു സംബന്ധിച്ച വിശദീകരണങ്ങൾക്കോ ഇടവരുത്താത്ത വിധത്തിൽ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചട്ടം

(..........2)

നിഷ്കർഷിക്കുന്ന പ്രകാരം തന്നെ മേലിൽ ലഭ്യമാക്കുന്ന കാര്യത്തിൽ എല്ലാ വകുപ്പ് സെക്രട്ടറിമാരും ശ്രദ്ധിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 19/05/2017-ലെ ഗവൺമെന്റ് സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും അതത് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും കർശന നിർദ്ദേശം നൽകുന്നു.

**ടോം ജോസ് IAS**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/
സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ